പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം *312 23.06.2014 ൽ മറുപടിക്ക്**

**പോലീസ് ഉദ്യോഗസ്ഥരുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള സംവിധാനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എം.ഷാജി**<br>**ശ്രീ.റ്റി.എ അഹമ്മദ് കബീർ**<br>**ശ്രീ.കെ.എൻ.എ ഖാദർ**<br>**ശ്രീ.സി.മോയിൻകുട്ടി** | **രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |

| | |
|---|---|
| **എ)** പോലീസ് ഉദ്യോഗസ്ഥരുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും, വിവരങ്ങൾ ഉന്നതാധികാരികൾക്ക് റിപ്പോർട്ട് ചെയ്യാനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **എ)**ഇല്ല. |
| **ബി)** ബ്ലേഡ്, ഗുണ്ടാമാഫിയയ്ക്ക് കൂട്ട് നിൽക്കുന്ന ഒരു വിഭാഗം പോലീസ് ഉദ്യോഗസ്ഥരുടെ നിയമ വിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് നിരീക്ഷണ വിഭാഗം റിപ്പോർട്ട് നൽകിയിട്ടുണ്ടോ; | **ബി)** യും **സി)** യും ഏതെങ്കിലും പോലീസുദ്യോഗസ്ഥൻ നിയമവിരുദ്ധമായി പ്രവർത്തിക്കുകയാണെങ്കിൽ ആ വിവരം നിരീക്ഷണ വിഭാഗം ബന്ധപ്പെട്ട അധികാരികൾക്ക് നൽകാറുണ്ട്. പ്രസ്തുത ഇന്റലിജൻസ് ഇൻപുട്ടുകൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. കുറ്റക്കാരാണെന്ന് അന്വേഷണത്തിൽ കണ്ടെത്തുന്ന പോലീസുദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| **സി)** എങ്കിൽ അതിലുൾപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കുമെതിരെ നിയമം അനുശാസിക്കുന്ന കർശന നടപടി സ്വീകരിക്കുമോ;അവരെക്കുറിച്ചുള്ള വിവരങ്ങൾ വെളിപ്പെടുത്തുമോ? | |

സെക്ഷൻ ഓഫീസർ